**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1272** | **06.03.2018- ൽ മറുപടിയ്ക്ക്**

## റബ്ബർ കർഷകർക്ക് വിലത്തകർച്ചയിൽ നിന്നും സംരക്ഷണം

**ചോദ്യം**

**ശ്രീ.ഇ.പി.ജയരാജൻ**

(എ) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിനു വിലത്തകർച്ച നേരിടുമ്പോൾ താങ്ങുവില ലഭ്യമാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വിലത്തകർച്ചയിൽ നിന്നും റബർ കർഷകന് സംരക്ഷണം നൽകുന്നതിന് കേന്ദ്ര ഗവൺ മെന്റിനോട് ധനസഹായാഭ്യർത്ഥന നടത്തിയിട്ടുണ്ടോ;ആയതിന് അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റബർ കർഷകരെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടും വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടും കേന്ദ്ര ഗവൺ മെന്റിന് എത്ര നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150/-രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയതിൽ കർഷകർക്ക് വിതരണം നടത്തി വരുന്നു.

(ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകനെ സംരക്ഷിക്കുവാനായി രണ്ടു നിവേദനങ്ങൾ കേന്ദ്രസർക്കാരിന് നൽകുകയുണ്ടായി. സ്വഭാവിക റബ്ബറിന്റെ അഡ്വാൻസ് ആതറൈസേഷൻ പദ്ധതി വഴിയുള്ള ഇറക്കമതി കുറയ്ക്കണമെന്നും റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്നും കയറ്റുമതി നിയന്ത്രണം ഒഴിവാക്കണമെന്നും റോഡ് റബ്ബറൈസേഷൻ സ്വാഭാവിക റബ്ബർ ഉപയോഗപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയ്ക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടി ചുമത്തണമെന്നും സ്വാഭാവിക റബ്ബറിന് കുറഞ്ഞവില

കിലോയ്ക്ക് 200 രൂപയാക്കണമെന്നും റബ്ബർ റീപ്ലാന്റിംഗ് സബ്ഡിഡി ഹെക്ടറിന് 50000 രൂപയാക്കി ഉയർത്ത ണമെന്നും സ്വാഭാവിക റബ്ബറിന് കാർഷിക ഉത്പ്പന്നമായി പരിഗണി ക്കണമെന്നും റബ്ബറിന് അന്താരാഷ്ട്ര കരാറുകളിൽ ജീവനോപാധി (livelihood security-box) വിഭാഗ ത്തിൽപ്പെടുത്തണമെന്നും ആവശ്യ പ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രസ്തുത ആവശ്യങ്ങൾക്ക് മറുപടിയായി ഇറക്കുമതി ചുങ്കം കിലോഗ്രാമിന് 30 രൂപയോ, 25 ശതമാനമോ ഏതാണ് കുറവ് എന്നത് ആക്കുന്നതിനുള്ള ഈ സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് സ്വാഭാവിക റബ്ബർ ഉപയോഗിച്ച് ഉപഭോഗം തദ്ദേശിയമായി വർദ്ധിപ്പി ക്കുന്നതിനുള്ള ഈ സർക്കാരിന്റെ ആവശ്യപ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര വാണിജ്യവകുപ്പ് കേന്ദ്ര ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ